(ബി) കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാമിലി കൗൺസിലിംഗ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും കൗൺസിലിംഗ് സെന്ററുകളിൽ വരുന്ന കേസ്സുകൾ കൗൺസിലിംഗിനുശേഷം മദ്യപാനവുമായി ബന്ധപ്പെട്ട കേസ്സുകളാണെങ്കിൽ അവരെ ലഹരിവിമുക്ത കേന്ദ്രങ്ങളിൽ വിടുകയും മാനസിക പ്രശ്നങ്ങളുമായി വരുന്നവർക്ക് മനോരോഗവിദഗ്ധരുടെ ചികിത്സാ സൗകര്യം ഏർപ്പെടുത്തുകയും ഗാർഹിക അതിക്രമങ്ങളിൽ ഇരയായിവരുന്നവർക്ക് സൗജന്യ നിയമസഹായവും ആവശ്യമെങ്കിൽ താൽക്കാലിക സൗജന്യതാമസം, ഭക്ഷണം, വൈദ്യസഹായം എന്നിവ ഷോർട്ട് സ്റ്റേ ഹോം/ഷെൽട്ടർ ഹോം വഴിയും നൽകിവരുന്നുണ്ട്.

മാതൃകാ അംഗൻവാടികൾ

307 (1781) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അംഗൻവാടികൾ മാതൃകാ അംഗൻവാടികളാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവിടങ്ങളിൽ പുതിയതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇതുവരെ ഭരണാനുമതി നൽകിയിട്ടുള്ള 115 നിയോജക മണ്ഡലങ്ങളിലെ മാതൃകാ അംഗൻവാടികളിൽ 51 നിയോജക മണ്ഡലങ്ങളിലെ മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

ജില്ല	ഭരണാനുമതി നൽകിയവയുടെ എണ്ണം	പൂർത്തീകരിച്ചവ
(1)	(2)	(3)
തിരുവനന്തപുരം	11	8
കൊല്ലം	7	4
പത്തനംതിട്ട	5	1

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
ആലപ്പുഴ	8	2
കോട്ടയം	9	1
ഇടുക്കി	5	3
എറണാകുളം	9	5
തൃശ്ശൂർ	8	3
പാലക്കാട്	10	5
മലപ്പുറം	15	8
വയനാട്	3	1
കോഴിക്കോട്	10	--
കണ്ണൂർ	11	7
കാസർഗോഡ്	4	3
ആകെ	115	51

(ബി) മാതൃകാ അംഗനവാടികളിൽ 3 തലമുറകൾക്കുള്ള സേവനങ്ങളാണ് നൽകുന്നത്. 0-6 പ്രായപരിധിയിലുള്ള കുട്ടികൾക്കായി പ്രീ-സ്കൂൾ വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ, വളർച്ചാ നിരീക്ഷണം, പ്രതിരോധ കുത്തിവയ്പ്, പോഷകാഹാര വിതരണം എന്നിവ നൽകുന്നു. സ്ത്രീകൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് അനുപൂരക പോഷകാഹാരം നൽകുന്നു. കൂടാതെ വിവിധ പരിശീലന പരിപാടികൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയും സംഘടിപ്പിക്കുന്നു. വയോജനങ്ങൾക്ക് പകൽവീട് സൗകര്യം മാതൃകാ അംഗനവാടികളിൽ ഒരുക്കുന്നു.

ദുബായിൽ നടന്ന മേളയിൽ പങ്കെടുത്തവർ

308 (1782) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദുബായിൽ നടന്ന മേളയിൽ പങ്കെടുക്കാൻ കുടുംബശ്രീയുടെ പണം വിനിയോഗിച്ച് എത്ര പേരാണ് പോയതെന്നും അവരിൽ ഓരോരുത്തരുടെയും വിശദാംശങ്ങളും ഇതിനായി ചെലവഴിക്കപ്പെട്ട തുകയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly